**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2452** **24-06-2024 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മികച്ച പ്രകടനം കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്ര സർക്കാർ ഗ്രാന്റ് അനുവദിക്കുമ്പോൾ സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്രത്തിൽ നിന്നും പ്രസ്തുത ഗ്രാന്റുകൾ സമയബന്ധിതമായി നേടിയെടുക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ചും ഗ്രാന്റുകളുടെ വിനിയോഗം സംബന്ധിച്ചും വിലയിരുത്തലുകൾ നടത്തുന്നതിനു ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഓരോ മൂന്നുമാസം കൂടുമ്പോഴും High Level Monitoring Committee meeting ധനകാര്യ വകുപ്പ് നടത്തിവരുന്നുണ്ട്. പ്രസ്തുത യോഗത്തിൽ ഗ്രാന്റ് നേടിയെടുക്കുന്നതിനും അവ ശരിയായി വിനിയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഭരണവകുപ്പിനു നൽകുന്നുമുണ്ട്. എന്നാൽ മികച്ച പ്രകടനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനകാര്യ കമ്മീഷൻ ഇനത്തിൽ ഗ്രാന്റുകൾ അനുവദിക്കുന്നില്ല. |
| (ബി) | പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഗ്രാന്റ് പൂർണ്ണമായും നേടിയെടുക്കുന്നതിൽ ഈ സർക്കാരിന്റെ കാലയളവിൽ ധനകാര്യ വകുപ്പിന് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട ഗ്രാന്റുകളും സഹായങ്ങളും നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (ബി) | പിരിവ് (എ)യിൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ